ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം വരുത്തേണ്ട മാറ്റങ്ങൾ

5 (746) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഡബ്ല്യു.ടി.ഒ. കരാറിനെപ്പറ്റി പഠിക്കുന്നതിനു ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ നിയമിച്ചത് എന്നായിരുന്നു. കമ്മീഷൻ റിപ്പോർട്ട് ലഭിച്ചത് എന്നാണെന്നും പ്രസ്തുത റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഡബ്ല്യു.ടി.ഒ യുടെ കാർഷികകരാർ, സാമ്പത്തിക സ്വതന്ത്രവ്യാപാരകരാർ, വാണിജ്യ നിക്ഷേപങ്ങളെപ്പറ്റിയുള്ള കരാർ, പരിസ്ഥിതി, ബാലവേല എന്നിവകളെ പറ്റിയുള്ള വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡോക്ടർ സ്വാമിനാഥൻ കമ്മീഷനെ നിയമിച്ചത് സർക്കാരിന്റെ 31-7-2001-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 163/2001/എ.ഡി. പ്രകാരമാണ്. 2003 ജനുവരി മാസത്തിലാണ് ഈ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതിയുടെ പരിശോധനയ്ക്കുശേഷം ഈ റിപ്പോർട്ട് സർക്കാർ 21-5-2003-ൽ അംഗീകരിക്കുകയുണ്ടായി.

(ബി) ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പുകൾ സഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്. അതിൽ കേന്ദ്രതലത്തിൽ കാർഷിക കരാറിൽ മാറ്റം വരുത്തുന്നതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ശുപാർശകളും ഡബ്ല്യു. ടി. ഒ. യുമായുള്ള ചർച്ചകളിൽ ഉന്നയിക്കുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്കു കത്തയച്ചിട്ടുണ്ട്. അതിൽ കാർഷിക കരാറിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബാലവേലയെപ്പറ്റിയുള്ള വ്യവസ്ഥകളിൽ മാറ്റംവരുത്തുന്നതു സംബന്ധിച്ച് കേന്ദ്രത്തിലേയ്ക്ക് എഴുതിയിട്ടില്ല.

പൊതു ചടങ്ങുകളിൽ പങ്കെടുക്കുന്ന മന്ത്രിമാർ

6 (748) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു ചടങ്ങുകളിൽ പങ്കെടുക്കുന്ന മന്ത്രിമാരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിരുന്നുവോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയത് ആർക്കാണെന്നും തീയതി എന്നാണെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly